# 068/22-M

ചോദ്യപുസ്തക അക്ഷരകോഡ് **A**

**A**

ചോദ്യപുസ്തക ക്രമനമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

പരമാവധി മാർക്ക് **: 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

068/22-M

1. ജോർജ് ഓണക്കൂർ എഴുതിയ ഏതു കൃതിക്കാണ് 2021 കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് ?
   A) പ്രണയകഥകൾ
   B) ആകാശ ഊഞ്ഞാല്
   C) ഭൂമിയുടെ സ്പന്ദനം
   D) ഹൃദയരാഗങ്ങൾ

2. ഇവരിൽ ആർക്കാണ് 2021-ൽ ദ്രോണാചാര്യ അവാർഡ് ലഭിച്ചത് ?
   A) പി. ആർ. ശ്രീജേഷ്
   B) ടി. പി. ഔസേപ്പ്
   C) കെ. സി. ലേഖ
   D) സജൻ പ്രകാശ്

3. ലോകത്തിലെ ഏറ്റവും വലിയ പക്ഷിശിൽപം.
   A) അറ്റ്ലാൻറ്റ് ഫാൽക്കൺ
   B) ഗരുഡ വിസിനു കെൻകാന
   C) ജടായു
   D) സാൻഡ് ഹിൽക്രനെ

4. ലോകത്താദ്യമായി പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന വിമാനത്താവളം.
   A) ഛത്രപതി ശിവാജി അന്താരാഷ്ട്ര വിമാനത്താവളം
   B) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം
   C) ദുബായ് അന്താരാഷ്ട്ര വിമാനത്താവളം
   D) ഷാംഗി അന്താരാഷ്ട്ര വിമാനത്താവളം

5. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചുമതല വഹിക്കുന്ന മന്ത്രി.
   A) ജി. ആർ. അനിൽ
   B) പി. പ്രസാദ്
   C) ജെ. ചിഞ്ചുറാണി
   D) സജി ചെറിയാൻ

6. നിലവിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ
   A) അഡ്വ. എം. കെ. സക്കീർ
   B) ഡോ. മിനി സഖറിയാസ്
   C) ഡോ. ജിനു സഖറിയ ഉമ്മൻ
   D) ഡോ. എം. ആർ. ബൈജു

7. എത്ര ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് രൂപീകരിച്ചത് ?
   A) 17
   B) 15
   C) 21
   D) 13

8. അന്ന ബെന്നിനു 2021-ൽ ഏതു പുരസ്കാരം ആണ് ലഭിച്ചത് ?
   A) ലളിത കലാ അക്കാദമി അവാർഡ്
   B) കേരള സംഗീത നാടക അക്കാദമി അവാർഡ്
   C) കേരള സ്റ്റേറ്റ് ഫിലിം അവാർഡ്
   D) കേരള ഫോക്‌ലോർ അക്കാദമി അവാർഡ്

9. ഡോ. ശോശാമ്മ ഐപ്പിന് 2022 പത്മശ്രീ പുരസ്കാരം ഏതു വിഭാഗത്തിലെ സേവനത്തിനാണ് ലഭിച്ചത് ?

A) ശാസ്ത്രവും എഞ്ചിനീയറിംഗും
B) വൈദ്യശാസ്ത്രം
C) സാമൂഹിക പ്രവർത്തനം
D) മറ്റുള്ളവ

10. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവൈറൻമെന്റ് എന്ന് നാമം സ്വീകരിച്ചത് ഏതു വർഷത്തിൽ ആണ് ?

A) 2002
B) 1972
C) 1984
D) 1989

11. ഭൂമിയുടെ വൻകര ഭൂവൽക്കത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ധാതുക്കൾ ഏതെല്ലാം ?

A) അലുമിനിയം, മഗ്നീഷ്യം
B) സിലിക്ക, ഇരുമ്പ്
C) മഗ്നീഷ്യം, സിലിക്ക
D) അലുമിനിയം, സിലിക്ക

12. താഴെ തന്നിരിക്കുന്നതിൽ അവസാദ ശിലയ്ക്ക് ഉദാഹരണമല്ലാത്തത് ?

A) മണൽക്കല്ല്
B) ചുണ്ണാമ്പ് കല്ല്
C) ബസാൾട്ട്
D) (A) & (C)

13. ഐക്യരാഷ്ട്ര സംഘടന എല്ലാ വർഷവും ലോക മണ്ണ് ദിനമായി ആചരിക്കുന്നതെന്ന് ?

A) ഡിസംബർ 15
B) ഡിസംബർ 14
C) ഡിസംബർ 10
D) ഡിസംബർ 13

14. താഴെ തന്നിരിക്കുന്നതിൽ മടക്കു പർവ്വത നിരയ്ക്ക് ഉദാഹരണം.

A) പശ്ചിമഘട്ടം
B) അറ്റ്ലസ്
C) ആൽപ്സ്
D) (B) & (C)

15. കനത്ത മഴയെത്തുടർന്ന് പെട്ടെന്ന് ജലനിരപ്പ് ഉയരുന്ന പ്രതിഭാസമാണ്

A) മലവെള്ളപ്പാച്ചിൽ
B) ഉരുൾപൊട്ടൽ
C) വെള്ളപ്പൊക്കം
D) സുനാമി

16. ഇന്ത്യയിൽ ഏറ്റവും ഉയർന്ന ജനസംഖ്യയുള്ള സംസ്ഥാനം.

A) യു. പി.
B) ബീഹാർ
C) ബംഗാൾ
D) മഹാരാഷ്ട്ര

17. ഒരു ലക്ഷത്തിലധികവും പത്തുലക്ഷത്തിൽ താഴെയും ജനസംഖ്യയുള്ള നഗരങ്ങൾ അറിയപ്പെടുന്ന പേര് ?

A) മെഗാനഗരം
B) പട്ടണം
C) നഗരം
D) മെട്രോ പൊളിറ്റൻ നഗരം

18. ഇന്ത്യയിൽ ശരത്കാലം അനുഭവപ്പെടുന്ന കാലഘട്ടം.
   A) ജനുവരി മുതൽ ഫെബ്രുവരി വരെ
   B) ജൂലൈ മുതൽ ആഗസ്റ്റ് വരെ
   C) നവംബർ മുതൽ ഡിസംബർ വരെ
   D) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ

19. കേരളത്തിൽ ഏറ്റവും കൂടുതൽ അരി ഉത്പാദിപ്പിക്കപ്പെടുന്ന ജില്ല
   A) ഇടുക്കി B) പാലക്കാട് C) വയനാട് D) ആലപ്പുഴ

20. താഴെ തന്നിരിക്കുന്നവയിൽ ട്രാൻസ് ഹിമാലയത്തിൽ ഉൾപ്പെടുന്നത് ഏത് ?
   A) ലഡാക്ക്, സിവാലിക്ക്
   B) കാരക്കോണം, നാഗാകുന്നുകൾ
   C) ലഡാക്ക്, സസ്ക്കർ
   D) സസ്ക്കർ, പത്കായ്

21. താഴെ പറയുന്നവരിൽ അവകാശ പത്രികയിൽ ഒപ്പ് വച്ച ബ്രിട്ടീഷ് രാജാവ് ആരാകുന്നു ?
   A) ചാൾസ് – I
   B) ജോർജ്ജ് – V
   C) എഡ്വേഡ് – VII
   D) വില്യംസ് – III

22. കേരളത്തിലെ ഇപ്പോഴത്തെ മുഖ്യ വിവരാവകാശ ഓഫീസർ
   A) സുഷ്മാ സിംഗ്
   B) യാഷ് വർധൻ കുമാർ സിൻഹ
   C) വിശ്വാസ് മേത്ത
   D) ഇവരൊന്നുമല്ല

23. ഇന്ത്യൻ ഫ്ലാഗ് കോഡ് പ്രകാരം വി. വി. ഐ. പി. വിമാനങ്ങളിൽ ഉപയോഗിക്കുന്ന പതാകയുടെ അളവ് ?
   A) 150 ×100 mm
   B) 225 ×150 mm
   C) 450 × 300 mm
   D) ഇതൊന്നുമല്ല

24. ''പൂർണമായും രാഷ്ട്രത്തിന്റെ പണം കൊണ്ട് സംരക്ഷിക്കപ്പെടുന്ന യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും മതപരമായ ബോധനം നൽകുവാൻ പാടുള്ളതല്ല'' എന്ന് പരാമർശിക്കുന്ന ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം ഏതാകുന്നു ?
   A) 28(1)
   B) 28(2)
   C) 28(3)
   D) ഇതൊന്നുമല്ല

25. സംസ്ഥാനങ്ങളുടെ കടമെടുപ്പുമായി ബന്ധപ്പെട്ട ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന അനുഛേദം.
   A) 292 B) 293 C) 323 D) 351

26. താഴെ തന്നിരിക്കുന്നവയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം നിർവ്വഹിച്ചിട്ടില്ലാത്ത വ്യക്തി.

A) ജസ്റ്റീസ് രംഗനാഥ മിശ്ര

B) ജസ്റ്റീസ് എസ്. രാജേന്ദ്ര ബാബു

C) ജസ്റ്റീസ് എം. എൻ. വെങ്കിട ചെല്ലയ്യ

D) ജസ്റ്റീസ് ഗോപാൽ ബല്ലവ് പട്ടനായ്ക്

27. വിവരാവകാശ അപേക്ഷ നിരസിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന വിവരാവകാശ വകുപ്പ് ഏതായിരുന്നു ?

A) 8 B) 15 C) 16 D) 27

28. ''ഭരണകൂടത്തിനും രാഷ്ട്രത്തിനും അവയെ സൃഷ്ടിക്കുകയും അവയ്ക്ക് കീഴിൽ ജീവിക്കുകയും ചെയ്യുന്ന മനുഷ്യരുടെ താല്പര്യങ്ങൾക്കപ്പുറം ഒരു ലക്ഷ്യവുമില്ല'' ഈ വാക്കുകൾ ഏത് സ്വാതന്ത്ര്യസമര കാലത്ത് ഉയർന്ന് വന്നതാകുന്നു ?

A) റഷ്യ B) ഫ്രാൻസ് C) അമേരിക്ക D) ചൈന

29. ശിശുവിന് വാത്സല്യം, സ്വാതന്ത്ര്യം, സമാധാനം, സമഭാവന, സഹാനുഭൂതി എന്നിവയിലൂന്നി വ്യക്തിത്വ വികാസം ഉറപ്പുവരുത്താൻ മാതാപിതാക്കൾക്കും സമൂഹത്തിനും ഉത്തരവാദിത്വമുണ്ട് എന്ന് പ്രഖ്യാപിച്ച യു. എൻ. പ്രമേയം അവതരിപ്പിക്കപ്പെട്ട വർഷം ?

A) 1950 ജനുവരി 26

B) 1945 ഒക്ടോബർ 24

C) 1947 ഒക്ടോബർ 20

D) 1989 നവംബർ 20

30. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നത്

A) ഒരു ചെയർപേഴ്സനും രണ്ട് അംഗങ്ങളും

B) ഒരു ചെയർപേഴ്സനും മൂന്ന് അംഗങ്ങളും

C) ഒരു ചെയർപേഴ്സനും അഞ്ച് അംഗങ്ങളും

D) ഒരു ചെയർപേഴ്സനും നാല് അംഗങ്ങളും

31. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ട വർഷം.

A) 1880 B) 1895 C) 1885 D) 1886

32. മഹാത്മാഗാന്ധി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ സത്യഗ്രഹം ഏതായിരുന്നു ?

A) അഹമ്മദാബാദ് സത്യഗ്രഹം

B) ഖേഡ സത്യഗ്രഹം

C) ബർദോളി സത്യഗ്രഹം

D) ചമ്പാരൻ സത്യഗ്രഹം

33. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1929-ലെ ലാഹോർ സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു ?

A) മോത്തിലാൽ നെഹ്റു
B) ജവഹർലാൽ നെഹ്റു
C) മഹാത്മാഗാന്ധി
D) സി. ആർ. ദാസ്

34. സ്വതന്ത്ര ഇന്ത്യയിലെ സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ അധ്യക്ഷൻ ആരായിരുന്നു ?

A) വി. പി. മേനോൻ
B) എച്ച്. എൻ. കുൻസ്രു
C) ബി. ആർ. അംബേദ്കർ
D) ഫസൽ അലി

35. ബംഗാൾ വിഭജനം നടത്തിയ വൈസ്രോയി ആരായിരുന്നു ?

A) വെല്ലസ്ലി പ്രഭു
B) റിപ്പൺ പ്രഭു
C) കഴ്സൺ പ്രഭു
D) ലിട്ടൺ പ്രഭു

36. 1857-ലെ കലാപത്തിന് നാനാസാഹിബ് നേതൃത്വം നൽകിയ സ്ഥലം ഏതായിരുന്നു ?

A) ഡൽഹി
B) കാൺപൂർ
C) അവധ്
D) ഝാൻസി

37. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗത്തിന്റെ പേരെന്തായിരുന്നു ?

A) റാണി ഝാൻസി റെജിമെന്റ്
B) ക്യാപ്റ്റൻ ലക്ഷ്മി റെജിമെന്റ്
C) റാണി ഗൈഡിലിയു റെജിമെന്റ്
D) മദ്രാസ് റെജിമെന്റ്

38. സന്താൾ കലാപം നടന്ന പ്രദേശം ഏതായിരുന്നു ?

A) പഞ്ചാബ്
B) രാജ്മഹൽ കുന്നുകൾ
C) നീലഗിരി കുന്നുകൾ
D) മഹാരാഷ്ട്ര

39. ചുവടെ തന്നിട്ടുള്ളതിൽ ബാലഗംഗാധര തിലകൻ ആരംഭിച്ച പത്രം ഏതായിരുന്നു ?

A) ബംഗാളി
B) വന്ദേമാതരം
C) ന്യൂഇന്ത്യ
D) മറാത്ത

40. സ്വതന്ത്ര ഇന്ത്യ ബൊക്കാറോയിൽ സ്ഥാപിച്ച ഇരുമ്പുരുക്ക് വ്യവസായ ശാലയ്ക്ക് സഹായം നൽകിയ വിദേശ രാഷ്ട്രം ഏതായിരുന്നു ?

A) ജർമ്മനി
B) ബ്രിട്ടൺ
C) സോവിയറ്റ് യൂണിയൻ
D) ഫ്രാൻസ്

41. 'സൈലന്റ് വാലി' സ്ഥിതി ചെയ്യുന്ന ജില്ല ഏത് ?

A) വയനാട്
B) ഇടുക്കി
C) തൃശ്ശൂർ
D) പാലക്കാട്

42. ചുവടെ തന്നിട്ടുള്ളതിൽ കേരളത്തിന്റെ കിഴക്കോട്ടൊഴുകുന്ന നദിയേത് ?

A) പെരിയാർ
B) കബനി
C) ഭാരതപ്പുഴ
D) പമ്പ

43. കേരളത്തിൽ കർഷകദിനമായി ആചരിക്കുന്ന ദിവസം ഏതാണ് ?
A) ചിങ്ങം 1
B) മകരം 1
C) ചിങ്ങം 10
D) മേടം 1

44. ശാസ്താംകോട്ട തടാകം സ്ഥിതി ചെയ്യുന്ന ജില്ലയേത് ?
A) പത്തനംതിട്ട
B) ആലപ്പുഴ
C) കൊല്ലം
D) കോട്ടയം

45. ചുവടെ തന്നിട്ടുള്ളതിൽ രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് ലഭിച്ച മലയാളി കായികതാരം ആരാണ് ?
A) പി. ടി. ഉഷ
B) കെ. എം. ബീനാമോൾ
C) മെഴ്സികുട്ടൻ
D) ഐ. എം. വിജയൻ

46. ചേറ്റുവ മത്സ്യ ബന്ധന തുറമുഖം സ്ഥിതിചെയ്യുന്ന ജില്ല ഏതാണ് ?
A) കണ്ണൂർ
B) ആലപ്പുഴ
C) എറണാകുളം
D) തൃശ്ശൂർ

47. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഏതായിരുന്നു ?
A) ഇടുക്കി
B) പള്ളിവാസൽ
C) ഇടമലയാർ
D) പെരിങ്ങൽക്കുത്ത്

48. കേരളത്തിൽ നിലവിൽ എത്ര അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് ഉള്ളത് ?
A) 3
B) 5
C) 4
D) 2

49. കേരള ആരോഗ്യസർവ്വകലാശാല സ്ഥിതിചെയ്യുന്ന സ്ഥലം ഏതാണ് ?
A) തിരുവനന്തപുരം
B) കളമശ്ശേരി
C) ആലപ്പുഴ
D) തൃശ്ശൂർ

50. 'എന്റെ കുമ്പളങ്ങി' എന്ന പുസ്തകം എഴുതിയതാര് ?
A) പ്രൊഫ. എം. കെ. സാനു
B) പ്രൊഫ. കെ. വി. തോമസ്
C) പി. ടി. തോമസ്
D) ഡോ. എം. എ. കുട്ടപ്പൻ

51. ക്വിറ്റ് ഇന്ത്യ സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന സംഭവം ഏതായിരുന്നു ?
A) വാഗൺ ട്രാജഡി
B) സവർണജാഥ
C) കീഴരിയൂർ ബോംബ് കേസ്
D) പട്ടിണി ജാഥ

52. തിരുവിതാംകൂർ-കൊച്ചി സംയോജനം നടന്ന വർഷം
A) 1947
B) 1945
C) 1950
D) 1949

53. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷനായിരുന്ന ഒരേയൊരു മലയാളി ആരായിരുന്നു ?
A) സി. ശങ്കരൻ നായർ
B) സി. കേശവൻ
C) ബാരിസ്റ്റർ ജി. പി. പിള്ള
D) പട്ടം എ. താണുപിള്ള

54. 'ആത്മവിദ്യാസംഘം' സ്ഥാപിച്ചതാരായിരുന്നു ?

A) ശ്രീനാരായണ ഗുരു
B) വാഗ്ഭടാനന്ദൻ
C) ചട്ടമ്പി സ്വാമികൾ
D) മന്നത്ത് പത്മനാഭൻ

55. ''വിദ്യകൊണ്ട് പ്രബുദ്ധരാവുക സംഘടനകൊണ്ട് ശക്തരാവുക'' എന്ന് ഉദ്ബോധിപ്പിച്ചതാര് ?

A) ശ്രീനാരായണ ഗുരു
B) അയ്യങ്കാളി
C) സഹോദരൻ അയ്യപ്പൻ
D) മന്നത്ത് പത്മനാഭൻ

56. ചുവടെ തന്നിട്ടുള്ളതിൽ ചട്ടമ്പി സ്വാമികൾ രചിച്ച ഗ്രന്ഥമേത് ?

A) ആത്മോപദേശശതകം
B) ദൈവദശകം
C) ആത്മവിദ്യാകാഹളം
D) പ്രാചീന മലയാളം

57. ''ആധുനിക കാലത്തെ അത്ഭുതം'' എന്ന് മഹാത്മാഗാന്ധി വിശേഷിപ്പിച്ച സംഭവമേത് ?

A) വൈക്കം സത്യഗ്രഹം
B) ക്ഷേത്ര പ്രവേശന വിളംബരം
C) ഗുരുവായൂർ സത്യഗ്രഹം
D) പാലിയം സത്യഗ്രഹം

58. 'പ്രത്യക്ഷ രക്ഷാദൈവസഭ' സ്ഥാപിച്ചതാര് ?

A) കുമാര ഗുരുദേവൻ
B) അയ്യങ്കാളി
C) പണ്ഡിറ്റ് കെ. പി. കറുപ്പൻ
D) സി. കേശവൻ

59. വി. ടി. ഭട്ടതിരിപ്പാട് രചിച്ച ''അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്'' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു ?

A) ആത്മകഥ
B) നാടകം
C) നോവൽ
D) മഹാകാവ്യം

60. ചുവടെ തന്നിട്ടുള്ളവയിൽ സി. കേശവനുമായി ബന്ധപ്പെട്ട ചരിത്ര സംഭവമേത് ?

A) കീഴരിയൂർ ബോംബ് കേസ്
B) മലബാർ കലാപം
C) കയ്യൂർ സമരം
D) കോഴഞ്ചേരി പ്രസംഗം

61. മനുഷ്യശരീരത്തിലെ വാരിയെല്ലുകളുടെ എണ്ണം എത്ര ?

A) 24
B) 26
C) 20
D) 206

62. മനുഷ്യശരീരത്തിൽ യൂറിയ നിർമ്മിക്കപ്പെടുന്ന അവയവം ഏതാണ് ?

A) വൃക്ക
B) ഹൃദയം
C) കരൾ
D) മൂത്രാശയം

63. കാത്സ്യത്തിന്റെ അപര്യാപ്തത ശരീരത്തിന്റെ ഏതെല്ലാം പ്രവർത്തനങ്ങളെ ബാധിക്കുന്നു ?

A) രക്തം കട്ടപിടിക്കൽ
B) പേശീപ്രവർത്തനം
C) എല്ലിന്റെയും പല്ലിന്റെയും ആരോഗ്യം
D) മേൽപറഞ്ഞവയെല്ലാം

64. മനുഷ്യ രക്തത്തിലെ ഹീമോഗ്ലോബിനുമായി യോജിക്കാത്ത പ്രസ്താവന ഏത് ?

A) രക്തത്തിൽ ഓക്സിജൻ, കാർബൺ ഡൈ ഓക്സൈഡ് ഇവ സംവഹിക്കാൻ സഹായിക്കുന്നു
B) പ്ലാസ്മയിൽ കാണപ്പെടുന്നു
C) മാംസ്യവും ഇരുമ്പും അടങ്ങിയിരിക്കുന്നു
D) ചുവന്ന രക്താണുവിൽ കാണപ്പെടുന്നു

65. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏത് ?

i) വൈറ്റ് കെയ്ൻ, ടോക്കിംഗ് വാച്ച് ഇവ ഉപയോഗിക്കുന്നത് അന്ധരാണ്
ii) വൈറ്റ് കെയ്ൻ, ടോക്കിംഗ് വാച്ച് ഇവ ഉപയോഗിക്കുന്നത് മൂടന്തരാണ്
iii) ടാക്ട്രയിൽ വാച്ച്, ബ്രെയ്‌ൽ ലിപി ഇവ ഉപയോഗിക്കുന്നത് ബധിരരാണ്
iv) ടാക്ട്രയിൽ വാച്ച്, ബ്രെയ്‌ൽ ലിപി ഇവ ഉപയോഗിക്കുന്നത് അന്ധരാണ്

A) i & ii
B) ii & iii
C) iii & iv
D) i & iv

66. താഴെ തന്നിരിക്കുന്നവയിൽ വെണ്ടയുടെ ഇനം ഏത് ?

A) ഉജ്ജ്വല
B) നീലിമ
C) മുക്തി
D) അനാമിക

67. അന്തരീക്ഷത്തിലേക്ക് എത്തുന്ന കാർബൺ മോണോക്സൈഡിന്റെ പ്രധാന ഉറവിടം ?

A) വാഹനങ്ങളിൽ നിന്നുള്ള പുക
B) ഫാക്ടറികളിൽ നിന്നുള്ള പുക
C) കീടനാശിനി പ്രയോഗം
D) വളപ്രയോഗം

68. താഴെ തന്നിരിക്കുന്നതിൽ ഏത് സ്ഥലത്തെ കണ്ടൽ കാടുകളിൽ ആണ് കടുവകൾ കാണപ്പെടുന്നത് ?

A) തമിഴ്നാട്
B) പശ്ചിമ ബംഗാൾ
C) നാഗാലാൻഡ്
D) പഞ്ചാബ്

69. വിഘടാകർ എന്ന വിഭാഗത്തിൽ പെടുന്നതിനെ കണ്ടെത്തുക.

A) തവള
B) താമര
C) ഞണ്ട്
D) ബാക്ടീരിയ

70. ലോകത്ത് ഏറ്റവും അധികം ചണം ഉല്പാദിപ്പിക്കുന്ന രാജ്യം ?

A) ബംഗ്ലാദേശ്
B) കെനിയ
C) ഇന്ത്യ
D) ചൈന

71. ഒരേ അറ്റോമിക നമ്പരും വ്യത്യസ്ത മാസ് നമ്പറുമുള്ള ഒരേ മൂലകത്തിന്റെ വ്യത്യസ്ത ആറ്റങ്ങളെ ______________ എന്ന് പറയുന്നു.

A) ഐസോമെറുകൾ
B) ഐസോബാറുകൾ
C) ഐസോടോപ്പുകൾ
D) ഐസോടോണുകൾ

72. ആധുനിക പീരിയോഡിക് നിയമം ആവിഷ്ക്കരിച്ച ശാസ്ത്രജ്ഞൻ ആര് ?

A) ഡൊബെറൈനർ
B) ന്യൂലാൻഡ്സ്
C) മെൻഡലിയേഫ്
D) മോസ്‌ലി

73. ഭൂവൽക്കത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന മൂലകമാണ്

A) നൈട്രജൻ
B) ഹൈഡ്രജൻ
C) ഓക്സിജൻ
D) ഹീലിയം

74. താഴെ കൊടുത്തിരിക്കുന്നവയിൽ അയണിന്റെ അയിര് ഏതാണ് ?

A) ബോക്സൈറ്റ്
B) ഹെമറ്റൈറ്റ്
C) കലാമിൻ
D) കുപ്രൈറ്റ്

75. ആദ്യമായി നിർമ്മിക്കപ്പെട്ട കൃത്രിമ നൂൽത്തരം ഏതാണ് ?

A) നൈലോൺ
B) ബേക്കലൈറ്റ്
C) പോളിത്തീൻ
D) പോളിവിനൈൽ ക്ലോറൈഡ്

76. ദർപ്പണത്തിൽ പതിക്കുന്ന രശ്മിയുടെ പതനകോൺ 60° ആണെങ്കിൽ പ്രതിപതനകോൺ എത്രയാണ് ?

A) 40°
B) 60°
C) 80°
D) 30°

77. മഴത്തുള്ളികളുടെ ഗോളാകൃതിയ്ക്കു കാരണമായ ബലം.

A) പ്രതല ബലം
B) വിസ്കസ് ബലം
C) ഘർഷണ ബലം
D) ഭൂഗുരുത്വ ബലം

78. ശബ്ദം ഏറ്റവും വേഗതയിൽ സഞ്ചരിക്കുന്നത്

A) ശൂന്യതയിൽ
B) വെള്ളത്തിൽ
C) വായുവിൽ
D) ഖരവസ്തുക്കളിൽ

79. ജലത്തിന്റെ സാന്ദ്രത ഏറ്റവും കൂടുതൽ എപ്പോഴാണ് ?

A) 0°C
B) 100°C
C) 4°C
D) –4°C

80. മാസ് പകുതിയാകുകയും പ്രവേഗം ഇരട്ടിയാകുകയും ചെയ്താൽ വസ്തുവിന്റെ ഗതികോർജ്ജം.

A) മാറുന്നില്ല
B) ഇരട്ടിയാകുന്നു
C) നാലിരട്ടിയാകുന്നു
D) പകുതിയാകുന്നു

81. $\frac{1}{2}+\frac{1}{4}+\frac{1}{8}+\frac{1}{16}$ ന്റെ ദശാംശ രൂപം ഏത് ?

A) 0.8375
B) 0.7375
C) 0.9375
D) 0.6375

82. $\left(\frac{1}{2}\right)^2+\left(\frac{1}{\sqrt{4}}\right)^2$ ന്റെ വില എത്ര ?

A) $\frac{1}{8}$
B) $\frac{2}{8}$
C) $\frac{1}{4}$
D) $\frac{1}{2}$

83. $\left(2\frac{1}{2}\times 23\right)-\left(1\frac{1}{2}\times 23\right)=$ _______?

A) $23\frac{1}{2}$
B) 23
C) 0
D) $23\frac{1}{4}$

84. $\frac{1}{100}$ ന്റെ $12\frac{1}{2}$ മടങ്ങ് എത്ര ?

A) $\frac{1}{8}$
B) $12\frac{1}{2}\%$
C) 12%
D) (A) യും (B) യും

85. ചുവടെ കൊടുത്തിട്ടുള്ളവയിൽ അനഘ സംഖ്യ (Perfect Number) അല്ലാത്തത് ഏത് ?

A) 6
B) 28
C) (A) യും (B) യും
D) 4

86. സാത്വിക് 35 ലക്ഷം രൂപയ്ക്ക് ഒരു പഴയ വീട് വാങ്ങുകയും 3 ലക്ഷം രൂപ അറ്റകുറ്റ പണികൾക്കായി ചെലവഴിക്കുകയും ചെയ്തു. പിന്നെ അവൻ അത് 5% ലാഭത്തിൽ വിറ്റു. എങ്കിൽ സാത്വിക്കിന് എത്ര രൂപ കിട്ടി ?

A) 36,75,000 രൂപ
B) 39,90,000 രൂപ
C) 36,90,000 രൂപ
D) 39,75,000 രൂപ

87. 24 മീറ്ററും 16 മീറ്ററും നീളമുള്ള രണ്ട് PVC പൈപ്പുകൾ ഒരേ നീളത്തിലും പരമാവധി നീളത്തിലും മുറിക്കണം. ഓരോ കഷ്ണത്തിന്റേയും പരമാവധി നീളം എത്രയായി രിക്കും ?

A) 10 മീറ്റർ
B) 16 മീറ്റർ
C) 8 മീറ്റർ
D) 4 മീറ്റർ

88. ഒരു NH റോഡിലെ മൂന്ന് വ്യത്യസ്ത ജംഗ്ഷനുകളിലെ ട്രാഫിക് ലൈറ്റുകൾ നിരീക്ഷിച്ചപ്പോൾ ഓരോ 60 സെക്കന്റിലും 120 സെക്കന്റിലും 24 സെക്കന്റിലും അവ പച്ചയായി മാറുന്നു. രാവിലെ 7 മണിക്ക് സിഗ്നലുകൾ ആരംഭിച്ചപ്പോൾ എല്ലാ ലൈറ്റുകളും പച്ചയായിരുന്നു. അതിന് ശേഷം എത്ര സമയം കഴിഞ്ഞ് മൂന്ന് സിഗ്നലുകളും ഒരേ സമയം വീണ്ടും പച്ചയായി മാറും ?

A) 24 മണിക്കൂർ
B) 12 മണിക്കൂർ
C) 120 മിനിട്ട്
D) 2 മിനിട്ട്

89. കുമാരൻ കുറച്ച് ദിവസങ്ങളിലെ പാൽ വിൽപ്പന പരിശോധിച്ചപ്പോൾ ഒരു ദിവസത്തെ ശരാശരി വരുമാനം 150 രൂപയാണ് എന്ന് കണ്ടു. ഇതേ രീതിയിൽ തുടർന്നാൽ ജൂൺ മാസത്തിൽ കുമാരന് പാൽ വിൽപ്പനയിൽ നിന്ന് എത്ര രൂപ കിട്ടും ?

A) 4,650 രൂപ
B) 4,500 രൂപ
C) 4,560 രൂപ
D) 150 രൂപ

90. ഒരു ബസ്‌യാത്രയുടെ ആദ്യത്തെ 120 Km ദൂരം ശരാശരി 30 Km/h വേഗത്തിലും അടുത്ത 120 Km ശരാശരി 20 Km/h വേഗത്തിലുമാണ് സഞ്ചരിച്ചത്. മുഴുവൻ യാത്രയിലെ ശരാശരി വേഗം എത്രയാണ് ?

A) 25 Km/h
B) 24 Km/h
C) 20 Km/h
D) 30 Km/h

91. അപ്പു P എന്ന സ്ഥലത്ത് നിന്ന് $\frac{2}{3}$ Km കിഴക്കോട്ട് സഞ്ചരിച്ച ശേഷം $1\frac{5}{7}$ Km പടിഞ്ഞാറോട്ട് സഞ്ചരിച്ചു. എങ്കിൽ P യിൽ നിന്ന് ഇപ്പോൾ അവൻ എത്ര ദൂരെയാണ് ?

A) $1\frac{5}{7}$ Km കിഴക്ക്
B) $1\frac{1}{21}$ Km പടിഞ്ഞാറ്
C) $1\frac{1}{21}$ Km കിഴക്ക്
D) $1\frac{5}{7}$ Km പടിഞ്ഞാറ്

92. 5, 12, 31, 68, _____ എന്ന ശ്രേണിയിലെ അടുത്ത പദം ഏത് ?

A) 110
B) 125
C) 116
D) 129

93. ചുവടെയുള്ള ചിത്രങ്ങളിൽ അടുത്ത ചിത്രമായി വരുന്നത് ഏത് ?




A)




B)




C)




D)




94. ചുവടെയുള്ള ചിത്രങ്ങൾ സൂചിപ്പിക്കുന്ന സംഖ്യ ഏത് ?




A) $\frac{3}{4} \times 3$ B) $3 \div \frac{1}{4}$ C) $3 \times \frac{1}{4}$ D) $3 + \frac{1}{4}$

95. ചതുരത്തിലെ വിട്ടുപോയ കളത്തിലെ സംഖ്യ ഏത് ?

| | | |
|---|---|---|
| 2 | 7 | 6 |
| 9 | 5 | 1 |
| 4 | | 8 |

A) 7 B) 3 C) 0 D) 2

96. $-3(5-2)+(-3)\times 0 =$ _______?

A) –12　B) 9　C) –9　D) 12

97. ഒറ്റയാനെ കണ്ടെത്തുക.

A) പേന
B) യൂണിഫോം
C) പുസ്തകം
D) പെൻസിൽ

98. സമാനബന്ധം കണ്ടെത്തുക.

വൃത്തസ്തംഭം : 3 :: അർദ്ധഗോളം : _______

A) 1　B) 2　C) 4　D) $\frac{1}{2}$

99. ചുവടെ തന്നിട്ടുള്ളവയിൽ നിന്ന് ദ്വിമാന രൂപങ്ങൾ തരംതിരിച്ചെഴുതുക.

i) വൃത്തം
ii) സപ്തഭുജം
iii) വൃത്തസ്തൂപിക
iv) ഷഡ്ഭുജം

A) (i)
B) (iii)
C) (i), (ii), (iv)
D) (ii), (iv)

100. ശ്രുതിയുടെ പിതാവ് ശ്രുതിയുടെ മുത്തച്ഛനെക്കാൾ 26 വയസ് ഇളയതും ശ്രുതിയെക്കാൾ 29 വയസ് കൂടുതലും ആണ്. മൂവരുടെയും പ്രായത്തിന്റെ ആകെ തുക 135 വർഷമാണ്. എങ്കിൽ ശ്രുതിയുടെ വയസെത്ര ?

A) 18　B) 46　C) 17　D) 72

**Space for Rough Work**

**FINAL ANSWER KEY**

**Question Paper Code: 068/2022**

**COMMOM PRELIMINARY EXAM 2022 (SSLC Level) STAGE III - VARIOUS**

**Medium of Question: MALAYALAM/TAMIL/KANNADA**

**Date of Test: 11.06.2022**

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | D | D | A | D |
| 2 | B | B | C | B |
| 3 | C | A | D | C |
| 4 | B | B | B | D |
| 5 | D | D | D | B |
| 6 | A | C | C | A |
| 7 | D | D | D | C |
| 8 | C | B | C | D |
| 9 | D | D | B | B |
| 10 | A | C | A | D |
| 11 | D | D | D | C |
| 12 | C | B | B | D |
| 13 | X | C | A | C |
| 14 | D | D | C | B |
| 15 | A | B | B | A |
| 16 | A | A | D | D |
| 17 | C | C | A | B |
| 18 | D | D | B | A |
| 19 | B | B | D | C |
| 20 | C | D | C | B |
| 21 | D | C | D | D |
| 22 | C | D | B | A |
| 23 | C | C | C | B |
| 24 | A | B | B | D |
| 25 | B | A | D | C |
| 26 | D | D | B | D |
| 27 | A | B | A | B |
| 28 | C | A | D | C |
| 29 | D | C | C | B |
| 30 | A | B | B | D |
| 31 | C | D | A | B |
| 32 | D | A | D | A |
| 33 | B | B | C | D |
| 34 | D | D | D | C |
| 35 | C | C | A | B |
| 36 | B | D | C | A |
| 37 | A | B | D | D |
| 38 | B | C | A | C |
| 39 | D | B | B | D |
| 40 | C | D | A | A |
| 41 | D | B | D | C |
| 42 | B | A | C | D |
| 43 | A | D | C | A |
| 44 | C | C | A | B |
| 45 | B | B | B | A |
| 46 | D | A | A | D |
| 47 | B | D | C | C |
| 48 | C | C | D | C |
| 49 | D | D | B | A |
| 50 | B | A | C | B |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | C | B | D | A |
| 52 | D | A | A | C |
| 53 | A | B | C | D |
| 54 | B | D | D | B |
| 55 | A | C | A | C |
| 56 | D | D | D | D |
| 57 | B | C | C | A |
| 58 | A | C | X | C |
| 59 | B | A | D | D |
| 60 | D | B | A | A |
| 61 | A | A | B | D |
| 62 | C | C | A | C |
| 63 | D | D | B | X |
| 64 | B | B | D | D |
| 65 | D | C | C | A |
| 66 | D | D | D | B |
| 67 | A | A | B | A |
| 68 | B | C | A | B |
| 69 | D | D | B | D |
| 70 | C | A | D | C |
| 71 | C | D | C | D |
| 72 | D | C | D | B |
| 73 | C | X | B | A |
| 74 | B | D | D | B |
| 75 | A | A | C | D |
| 76 | B | C | D | C |
| 77 | A | D | B | D |
| 78 | D | A | C | B |
| 79 | C | B | D | D |
| 80 | B | A | B | C |
| 81 | C | B | C | B |
| 82 | D | C | B | D |
| 83 | B | D | B | D |
| 84 | D | B | C | C |
| 85 | D | B | C | B |
| 86 | B | C | B | C |
| 87 | C | B | D | D |
| 88 | D | B | D | B |
| 89 | B | C | C | D |
| 90 | B | C | B | D |
| 91 | B | C | B | C |
| 92 | D | D | C | B |
| 93 | D | B | D | B |
| 94 | C | D | B | C |
| 95 | B | D | B | C |
| 96 | C | B | C | B |
| 97 | B | D | D | C |
| 98 | B | D | B | D |
| 99 | C | C | D | B |
| 100 | C | B | D | B |

**'X' DENOTES DELETION**